ശക്തമായ റെയിഡുകളും പരിശോധനകളും നടത്തിവരുന്നുണ്ട്. എല്ലാ അബ്കാരി ഷോപ്പുകളും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വ്യാജമദ്യവും വാറ്റുപകരണങ്ങളും പിടിച്ചെടുത്ത് നശിപ്പിക്കുന്നുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾക്കുള്ള പിഴശിക്ഷ ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയായും തടവുശിക്ഷ പരമാവധി പത്തുവർഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ്, റവന്യൂ എന്നീ വകുപ്പുകളുടെ സംയുക്ത റെയ്ഡുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ക്രൈം സ്റ്റോപ്പർ മുഖേന ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലും കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. ഇതിനുംപുറമേ ജില്ലാതലത്തിലും ബ്ലോക്ക്തലത്തിലും വ്യാജമദ്യത്തിനെതിരെ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) പരാതി ലഭിച്ചിട്ടില്ല.

(സി) തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ ശ്രീ. രാജൻ എന്നൊരാൾ കൊല്ലപ്പെട്ട സംഭവം ഗവൺമെന്റിന്റ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ലൈസൻസുള്ള കള്ളുഷാപ്പുകളും ബാറുകളും, വിദേശമദ്യഷാപ്പുകളും പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനമുണ്ട്. അപ്രകാരം നടത്തിയ പരിശോധനകളിൽ ചില ഷാപ്പുകളിൽ മായംകലർന്ന മദ്യം വിൽക്കുന്നതായി കാണപ്പെടുകയും അവയ്ക്കെതിരേ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

42 (330) ചാരായ നിരോധനം

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും അനിയന്ത്രിതമായി വർദ്ധിപ്പിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാജമദ്യവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർചെയ്തിട്ടുണ്ട് എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ചാരായനിരോധനം എടുത്തുകളയുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള ചാരായനിരോധനം കാര്യക്ഷമമായി നിലനിറുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി)ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ തടയുന്നതിന് ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നുണ്ട്. എല്ലാ അബ്കാരി ഷോപ്പുകളും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വ്യാജമദ്യവും വാറ്റുപകരണങ്ങളും പിടിച്ചെടുത്ത് നശിപ്പിക്കുന്നുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾക്കുള്ള പിഴശിക്ഷ ഒരുലക്ഷമായും തടവുശിക്ഷ

LIBRARY ARCHIVES Kerala Legislative Assembly

പരമാവധി പത്തുവർഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ്, റവന്യൂ എന്നീ വകുപ്പുകളുടെ സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും വ്യാജമദ്യത്തിനെതിരെ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്†

(ഡി) പരിഗണനയിലില്ല.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

43 (331) വർക്കലയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫിസ്

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് അനുവദിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) അതിൻമേൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) വർക്കലയുടെ പ്രാധാന്യം കണക്കാക്കി അടിയന്തിരമായി ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് ആരംഭിക്കുന്നതിന് ഉത്തരവുനൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) വർക്കലയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ആഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

44 (332) പരീക്ഷ എഴുതുന്നതിന് അയോഗ്യത കൽപ്പിച്ചെന്ന പരാതി

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബാങ്കിംഗ് റിക്രൂട്ട്മെന്റ് ബോർഡ് ഒക്ടോബർ 10-ാം തീയതിയിലെ പൊതുപരീക്ഷ എഴുതുന്നതിൽ പിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ അയോഗ്യരാക്കിയതു സംബന്ധിച്ച് എന്തെങ്കിലും പരാതി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

† അനുബന്ധം - VI

LIBRARY ARCHIVES Kerala Legislative Assembly

ആർ.ഐ.ഡി.എഫ്.	1997-98	35,92,03,500	9,89,26,733
സ്കീം വഴി	1998-99	39,65,05,100	14,50,43,741

ധനകാര്യമന്ത്രി അംഗീകരിച്ചത്,

(ഒപ്പ്)

ധനകാര്യപ്രിൻസിപ്പൽ സെക്രട്ടറിക്ക്വേണ്ടി

അനുബന്ധം - VI

(15-12-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 42 (330) ദയവായി കാണുക)

തിരുവനന്തപുരം	3512
കൊല്ലം	3117
ആലപ്പുഴ	1650
പത്തനംതിട്ട	1394
കോട്ടയം	757
എറണാകുളം	1378
തൃശൂർ	1178
ഇടുക്കി	861
വയനാട്	368
പാലക്കാട്	1352
കണ്ണൂർ	1125
മലപ്പുറം	634
കോഴിക്കോട്	1472
കാസർകോട്	913

അനുബന്ധം VII

(15.12.1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 99(388) 101 (390)- ഉം ദയവായി കാണുക)

കാർഷിക സർവകലാശാല നടത്തിയ പരീക്ഷണങ്ങളിൽ ഡൈക്കോഫോൾ 0.1% അല്ലെങ്കിൽ 2% വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം മണ്ഡരിക്കെതിരെ ഫലപ്രദമാണെന്ന് കണ്ടെത്തുകയുണ്ടായി. മണ്ഡരിക്കെതിരെ പ്രതിരോധ നടപടികൾ ശുപാർശ ചെയ്യാൻ സർക്കാർ തലത്തിൽ കൃഷിവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവായി. ഈ കമ്മിറ്റിയിൽ കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, കേരള കാർഷിക സർവകലാശാല എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും, സി.ഡി.ബി. യിലെ അംഗവും, കൃഷി വകുപ്പ് ഉദ്യോഗസ്ഥരും അംഗങ്ങളാണ്. ഈ കമ്മിറ്റി0.1% ഡൈക്കോഫോളോ 2% വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതമോ മണ്ഡരിക്കെതിരെ ഉപയോഗിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുകയുണ്ടായി. മേൽപ്പറഞ്ഞ കീടനാശിനികൾ ഉപയോഗിച്ച് കീട ബാധിത പ്രദേശങ്ങളായ തൃശൂർ, പാലക്കാട്. എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ മേയ് 99 വരെ ഉദ്ദേശം 26,20,442 തെങ്ങുകളിൽ മരുന്നുതളി നടത്തി. രാസ കീടനാശിനിക്ക് 1.50 രൂപയും ജൈവ കീടനാശിനിക്ക് 2 രൂപയും തെങ്ങൊന്നിന് സബ്സിഡിയായി നൽകുകയും ചെയ്തു. ആയതിന് 37.8 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. എന്നാൽ തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം, കാരണം കർഷകർ മരുന്നുതളിക്ക് താല്പര്യം കാണിച്ചില്ല. കീടബാധ ഇപ്പോൾ എല്ലാ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് 30-9-99-ന് തൃശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കൃഷിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മരുന്നുതളി ഊർജ്ജിതമായി തുടങ്ങുവാനും, തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ സജീവ പങ്കാളിത്വവും,

LIBRARY ARCHIVES Kerala Legislative Assembly